തൃശൂർ റവന്യൂ ജില്ലാ സ്കൂൾ കലോത്സവം സ്വർണക്കപ്പ് കലക്ടറേറ്റിൽ ടി.എൻ പ്രതാപൻ എംപി , പി.ബാലചന്ദ്രൻ എംഎൽഎ , ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ ഡേവിസ്, കലക്ടർ വി.ആർ കൃഷ്ണ തേജ എന്നിവർ ചേർന്ന് സ്വീകരിക്കുന്നു.

# മാള സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂൾ രജത ജൂബിലി സമാപനം നാളെ

മാള : സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂൾ ഹയർ സെക്കൻഡറി വിഭാഗത്തിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ സമാപനം നാളെ നടക്കുമെന്ന് സ്കൂൾ അധികൃതർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. നാളെ ഉച്ചയ്ക്ക് 1.30ന് പൂർവ്വ വിദ്യാർഥികളുടേയും അധ്യാപകരുടേയും സംഗമം നടക്കും. 3.30ന് സ്കൂൾ വിദ്യാർഥികളുടെ കലാപരിപാടികൾ അരങ്ങേറും. 5.30ന് പൊതുസമ്മേളനം ഇരിങ്ങാലക്കുട രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്യും. സ്കൂൾ മാനേജർ ഫാ.ജോർജ്ജ് പാറേമേൻ അധ്യക്ഷത വഹിക്കും. ബെന്നി ബഹന്നാൻ എംപി. സ്മാർട്ട് ക്ലാസ് റൂമുകളുടെ ഉദ്ഘാടനം നിർവ്വഹിക്കും. വി. ആർ സുനിൽകുമാർ എംഎൽഎ സ്മരണികയുടെ പ്രകാശനം നിർവ്വഹിക്കും.

രൂപത വിദ്യാഭ്യാസ കോ ഓപ്പറേറ്റീവ് മാനേജർ ഫാ.സീജോ ഇരുമ്പൻ, പ്രിൻസിപ്പൽ കെ.എ വർഗീസ്, ജനറൽ കൺവീനർ ജോസ് വാറുണ്ണി, ബ്ലോക്ക്, പഞ്ചായത്ത് പ്രതിനിധികൾ പ്രസംഗിക്കും. രാത്രി 7.30ന് സ്കൂൾ വിദ്യാർഥികളും മാള അ ലൈവ് മ്യൂസിക് അക്കാദമിയും ചേർന്ന് ഒരുക്കുന്ന ഗാനമേള ഉണ്ടാകും. 1998 മുതൽ 2022 വരെ 7500 വിദ്യാർഥികൾ ഹയർ സെക്കൻഡറി വിഭാഗത്തിൽ നിന്നു പഠിച്ച് ഇറങ്ങിയിട്ടുണ്ടെന്ന് സ്കൂൾ അധികൃതർ പറഞ്ഞു.

ജൂബിലി സ്മാരകമായി ഹയർ സെക്കൻഡറി വിഭാഗം മുഴുവനായി സോളാർ പാനൽ സ്ഥാപിച്ചു. ലൈബ്രറി നവീകരിച്ചു. സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിച്ചു തുടങ്ങിയ നവീകരണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. വാർത്താസമ്മേളനത്തിൽ പ്രിൻസിപ്പൽ കെ.എ വർഗീസ്, പിടിഎ പ്രസിഡന്റ് ക്ലിഫി കളപറമ്പത്ത്, മാനേജ്മെന്റ് പ്രതിനിധി വർഗീസ് വടക്കൻ, ജനറൽ കൺവീനർ ജോസ് വറുണ്ണി പങ്കെടുത്തു.

# നോർക്ക സംരംഭകത്വ പരിശീലന പരിപാടി

തൃശൂർ: പ്രവാസി സംരംഭകർക്കായി നോർക്ക ബിസിനസ് ഫെസിലേറ്റഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ സൗജന്യ ഏകദിന സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിക്കും.

പങ്കെടുക്കാൻ താല്പര്യമുള്ളവർ 15 ന് മുൻപായി എൻബി ആർസിയിൽ ഇമെയിൽ/ ഫോൺ മുഖാന്തിരം പേര് രജിസ്റ്റർ ചെയ്യണം. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്കു മാത്രമാകും പ്രവേശനം. 0471-2770534/8592958677 നമ്പറിലോ nbfc.coordinator@gmail.com/ nbfc.norka@kerala.gov.in എന്നീ ഇ-മെയിൽ വിലാസങ്ങളിലോ (പ്രവൃത്തി ദിനങ്ങളിൽ-ഓഫീസ് സമയത്ത്) ബന്ധപ്പെടേണ്ടതാണ്. പരിശീലന പരിപാടിയുടെ വേദിയും ദിവസവും പിന്നീട് അറിയിക്കും. നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് കേരളത്തിൽ ബിസിനസ് സംരംഭങ്ങളോ, സ്വയം തൊഴിലോ ആരംഭിക്കുന്നതിനും നിലവിലുള്ളവ വിപുലീകരിക്കുന്നതിനും സഹായകരമാകുന്നതാണ് പരിശീലനം.

കെത്രീഎ 20-ാം വാർഷികത്തോടനുബന്ധിച്ച് നടന്ന ഫ്യൂച്ചർ ടെക്നോളജീസ് ഇൻ അഡ്വർടൈസിങ് സെമിനാർ കെത്രീഎ മുൻ സംസ്ഥാന പ്രസിഡന്റും ലയൺസ് ഇന്റർ നാഷണൽ സെക്കന്റ് വൈസ് ഗവർണറുമായ ജെയിംസ് വളപ്പില ഉദ്ഘാടനം ചെയ്യുന്നു. കെത്രീഎ ജില്ലാ പ്രസിഡന്റ് പി.എം മുകുന്ദൻ, സെക്രട്ടറി ജോസൻ തേറാട്ടിൽ, സംസ്ഥാന വൈസ് പ്രസിഡന്റ് ദേവൻ നായർ, ഉണ്ണികൃഷ്ണൻ, കൈലാസ്, തോമസ് പാവറട്ടി, അരുൺ, ദിലീപ്, കബീർ, ബിജു ബാലകൃഷ്ണൻ, റെജി ഐ.ചുങ്കത്ത് എന്നിവർ സമീപം.

# താൽക്കാലിക അധ്യാപികയ്ക്ക് വേതനം നൽകണം : മനുഷ്യാവകാശ കമ്മീഷൻ

തൃശൂർ : ശ്രീ കേരള വർമ്മ കോളെജിലെ സംസ്കൃത വിഭാഗത്തിൽ താൽക്കാലിക അധ്യാപികയായി ജോലി നോക്കിയിരുന്നയാൾക്ക് ശമ്പളം ഒരു മാസത്തിനകം നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. വേതനം നൽകിയ ശേഷം കമ്മീഷനെ രേഖാമൂലം അറിയിക്കണമെന്നും കമ്മീഷൻ അംഗം വി.കെ ബീനാകുമാരി കോളെജ് പ്രിൻസിപ്പലിന് നിർദേശം നൽകി. തനിക്ക് ജോലി ചെയ്തിരുന്ന കാലത്തെ വേതനം ലഭിച്ചില്ലെന്നാരോപിച്ച് അയ്യന്തോൾ സ്വദേശി ബീന ബീനിൽ സമർപ്പിച്ച പരാതിയിലാണ് നടപടി.

ജില്ലാ പൊലീസ് മേധാവിയിൽ നിന്നു കമ്മീഷൻ റിപ്പോർട്ട് വാങ്ങി. കോളേജിലെ പ്രിൻസിപ്പലും പരാതിക്കാരിയും തമ്മിൽ ജോലി സംബന്ധമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടെന്നും പൊലീസിന് നിയമ നടപടി സ്വീകരിക്കാനുള്ള പ്രശ്നങ്ങൾ ഇല്ലെന്നും റിപ്പോർട്ടിൽ പറയുന്നു. താൻ കൃത്യമായ അറിയിപ്പ് നൽകിയാണ് അവധിയെടുത്തതെന്ന് പരാതിക്കാരിയും അറിയിച്ചു.

## യോഗ ക്ലാസ്

തൃശൂർ: ജില്ലാ യോഗ അസോസിയേഷന്റെ പുതിയ യോഗ ക്ലാസുകൾ 4ന് ആരംഭിക്കും. രാവിലെ 6 മുതൽ 7 വരെയും വൈകീട്ട് 5.30 മുതൽ 6.30 വരെയും സ്ത്രീകൾക്ക് മാത്രമായി രാവിലെ 10 മുതൽ 11 വരെയും വൈകീട്ട് 4.30 മുതൽ 5.30 വരെയും ഞായറാഴ്ചകളിൽ മാത്രം രാവിലെ 9 മുതൽ 11 വരെയും പ്രത്യേകം ക്ലാസുകൾ ഉണ്ടാകും. ഫോൺ: 9495885248.

## അമലയിൽ ഓങ്കോ ശില്പശാല

പേരാമംഗലം: അമല നഴ്സിംഗ് കോളെജും മെഡിക്കൽ ഓങ്കോളജി വിഭാഗവും സംയുക്തമായി ഓങ്കോളജി നഴ്സിംഗിനെക്കുറിച്ച് നടത്തിയ സംസ്ഥാനതല ശില്പശാല-ഓങ്കോബിറ്റ്സ് അസോസിയേറ്റ് ഡയറക്ടർ ഫാ. ആന്റണി മണ്ണുമ്മൽ ഉദ്ഘാടനം ചെയ്തു. അമല നഴ്സിംഗ് കോളെജ് പ്രിൻസിപ്പൽ ഡോ.രാജി രഘുനാഥ്, മെഡിക്കൽ ഓങ്കോളജി വിഭാഗം ഡോക്ടർമാരായ ഡോ. അനിൽ ജോസ്, ഡോ.സുനു സിറിയക്, ഡോ.ഉണ്ണികൃഷ്ണൻ, ഡോ.ശ്രീരാജ്, പ്രൊ.ലക്ഷ്മി ജി, സിസ്റ്റേഴ്സ് ലിഖിത, സിസ്റ്റേഴ്സ് സൂസമ്മ, സിസ്റ്റേഴ്സ് ജ്യോതിസ് പ്രസംഗിച്ചു. 150ഓളം ഓങ്കോളജി നഴ്സുമാർ പങ്കെടുത്തു.

## അസാപ് കേരള നൈപുണ്യ ശില്പശാല

ഇരിങ്ങാലക്കുട: നവകേരള സദസിന്റെ ഭാഗമായി സെന്റ് ജോസഫ്സ് കോളെജിൽ അസാപ് കേരളയുടെ സഹകരണത്തോടെ നൈപുണ്യ ശില്പശാല സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഡോ.സിസ്റ്റർ ബ്ലെസി ഉദ്ഘാടനം ചെയ്തു. അസാപ് കേരള ട്രെയിനിംഗ് ഹെഡ് ടി.സജി അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഉപദേശക സമിതി അംഗവുമായ ലളിത ബാലൻ മുഖ്യാതിഥിയായി. മുരിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസ് ചിറ്റിലപ്പള്ളി, ഡോ.ടി.വി ബിനു, പി. സൂരജ് പ്രസംഗിച്ചു. വിവിധ വിഷയങ്ങളിൽ നിയാസ് അലി പുളിക്കൽ, ജി.എം നവീൻ ശങ്കർ, കെ.എസ് അഖിലേഷ്, വി.ജി റെജി വസന്ത്, വിഷ്ണു ഗുപ്ത കെ.എസ് ക്ലാസുകളെടുത്തു. ശില്പശാലയിൽ സൈബർ ഫോറൻസിക്സ്, ഓഗ്മെന്റഡ് റിയാലിറ്റി/ വെർചൽ റിയാലിറ്റി, യുഎസ്ടാക്സേഷൻ രംഗത്തെ എൻറോൾഡ് ഏജന്റ് തുടങ്ങിയ മേഖലകളിലെ തൊഴിലവസരങ്ങൾ പരിചയപ്പെടുത്തി.


ICICI Home Finance | കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി- കുർള റോഡ്, അന്ധേരി (ഈസ്റ്റ്), മുംബൈ- 400059, ഇന്ത്യ.

ശാഖ ഓഫീസ്: ഒന്നാം നില, 3/128 , സിമാക്സ് ടവർ, വണ്ടിപ്പേട്ട ജംക്ഷൻ, വെസ്റ്റ് നടക്കാവ്, കാലിക്കറ്റ്-673011 (കേരളം )

പ്രൊവിസോ റൂൾ 8(6) കാണുക

**സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്**

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾ, പ്രൊവിസോ റൂൾ 8(6) ചേർത്ത് വായിക്കുക. പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ- ലേല വിൽപ്പന നോട്ടീസ്.

വായ്പാ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ **പിസിക്കൽ ജപ്തി** ചെയ്തതായും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ 'എവിടെയാണോ ഉള്ളത്' 'എന്താണോ ഉള്ളത്' 'എങ്ങനെയാണോ ഉള്ളത്' അതുപോലെ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

| Sr. No. | വായ്പക്കാരന്റെ/സഹവായ്പ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ | ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ ഏതെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ | തിരിച്ചടയ്ക്കാനുള്ള തുക | റിസർവ് പ്രൈസ് ഇഎംഡി | ഇൻസ്പെക്ഷൻ തിയതിയും സമയവും | ലേലത്തിന്റെ തിയതി, സമയം |
|---|---|---|---|---|---|---|
| (A) | (B) | (C) | (D) | (E) | (F) | (G) |
| 1. | അൻസാർ അഖിൻകര (വായ്പക്കാരൻ) സൈഫുന്നിസ നൊണ്ടത്ത് (സഹവായ്പ്പക്കാരൻ) ഇൻഡോർ ബെഡ്റൂം ഡൻണിച്ചർ ഗ്യാലറി (സഹവായ്പ്പക്കാരൻ), അഖിൽകര മുഹമ്മദ് കുട്ടി (സഹവായ്പ്പക്കാരൻ) Loan A/c No. LHCOC00001324621 | തിരുനാവായ വില്ലേജ്, തിരൂർ താലൂക്ക്, മലപ്പുറം ജില്ല, സർവെ നമ്പർ 380/17-1 380/17-2, മലപ്പുറം, കേരളം- 676503 | Rs. 1,08, 39,456/- November 17, 2023 | Rs. 1,43, 97,750/- Rs. 14, 39,780/- | December 11, 2023 11:00 AM- 03:00 PM | December 19, 2023 02:00 PM- 03:00 PM |

ലേല ഏജൻസി ബ്ലോബ് ടെക്കിന്റെ **(യുആർഎൽ ലിങ്ക് https://BestAuctionDeal.com)** വെബ്സൈറ്റിലായിരിക്കും ഓൺലൈൻ ലേലം നടക്കുക. സ്ഥലം ജാമ്യമായി നൽകിയവർക്ക് **ഡിസംബർ 18 , 2023** വൈകിട്ട് 5 മണി വരെ മുഴുവൻ തുകയും തിരിച്ചടക്കുന്നതിനുള്ള അവസരം നൽകും. പണം തിരിച്ചടച്ചില്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ജാമ്യവസ്തു വിൽപ്പന ചെയ്യുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വില നിരതദ്രവ്യം (ഇഎംഡി, ആർടിജിഎസ്/ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) (കോളം ഇ യിൽ പരാമർശിക്കുന്ന വിധം) എന്നിവ സഹിതം അടച്ച കവറിൽ **ഐസിഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്,ഒന്നാം നില, 3/128 , സിമാക്സ് ടവർ, വണ്ടിപ്പേട്ട ജംക്ഷൻ, വെസ്റ്റ് നടക്കാവ്, കാലിക്കറ്റ്-673011 (കേരളം )** എന്ന വിലാസത്തിലേക്ക് **ഡിസംബർ 18 , 2023 വൈകിട്ട് 4 മണിക്കു** മുമ്പായി അയക്കേണ്ടതാണ്. താത്പര്യമുള്ള ബിഡ്ഡർമാർ രജിസ്ട്രേഷന് ഫോമിന്റെയും ബിഡ് ടേംസ് ആൻഡ് കണ്ടിഷൻ ഫോമിന്റെയും പ്ലെട്ട കോപ്പി **ഐസിഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, 3/128 , സിമാക്സ് ടവർ, വണ്ടിപ്പേട്ട ജംക്ഷൻ, വെസ്റ്റ് നടക്കാവ്, കാലിക്കറ്റ്-673011 (കേരളം )** എന്ന വിലാസത്തിലേക്ക് **ഡിസംബർ 18 , 2023 , വൈകിട്ട് 5** മണിക്കു മുമ്പായി അയക്കേണ്ടതാണ്. നിരതദ്രവ്യ തുക, ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) എന്നിവ നാഷണലൈസ്ഡ് /ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്- ലേലം മലപ്പുറം മാറാവുന്ന വിധത്തിലായിരിക്കണം.

കൂടുതൽ വിശദാംശങ്ങൾക്കും, വസ്തു പരിശോധിക്കുന്നതിനെക്കുറിച്ചോ ടെൻഡർ സമർപ്പിക്കുന്നതിനെക്കുറിച്ചോ ഏതെങ്കിലും വിധത്തിലുള്ള സംശയങ്ങൾ ഉള്ളവർക്കും **ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ 022-69974300 എന്ന നമ്പറിലോ സെയിൽസ് & മാർക്കറ്റിങ് പാർട്ടണർ നെക്സ് സൺ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിനെയോ ബന്ധപ്പെടാവുന്നതാണ്.**

താഴെ പ്രതിപാദിക്കുന്നതരത്തിലുള്ള അംഗീകൃത ഓഫീസർക്ക് ഓഫറുകൾ അല്ലെങ്കിൽ ടെൻഡറുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കാനും സ്വീകരിക്കാനും നിർദേശിക്കാൻ അധികാരമുണ്ട്. വിശദമായ വ്യവസ്ഥകൾക്കും നിർദേശങ്ങൾക്കുമായി ഐസിഐസിഐ ബാങ്ക് ലിമിറ്റഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക https://www.icicihfc.com/

തിയതി: ഡിസംബർ 01 , 2023
സ്ഥലം: മലപ്പുറം

അംഗീകൃത ഓഫീസർ
ഐസിഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്



WANTED

Vaartha News Network Pvt. Ltd, publishers of METRO VAARTHA, Kerala's 1st Metro Daily requires

**Marketing Executives for Thrissur, Ernakulam & Thiruvananthapuram** Districts.

Pleasing personality & excellent communication skills essential.
Fresh Graduates/MBAs eligible to apply.
Those with valid two-wheeler license only need apply.

Attractive Remuneration Package

Send your resume to
General Manager-Marketing
Vaartha News Network Pvt. Ltd
CN 10, Church Nagar,
Angamaly- 683572. Ph: 9072530285
rajesh.vv@metrovaartha.com

മെട്രോ വാർത്ത

Kochi | Thrissur | Kozhikode
Thiruvananthapuram | Alapuzha
www.metrovaartha.com

കേരള സർക്കാർ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

നവ കേരള സദസ്സ്

ജനമനസ്സുകൾ നിശ്ചയിക്കും ജനാധിപത്യ സർക്കാർ നിറവേറ്റും

നവകേരള സദസ്സ് പാലക്കാട് ജില്ല

**2023 ഡിസംബർ 1**

രാവിലെ 11ന്
തൃത്താല മണ്ഡലം:
ചാലിശേരി അൻസാരി ഓഡിറ്റോറിയം പരിസരം

ഉച്ചകഴിഞ്ഞ് 3ന്
പട്ടാമ്പി മണ്ഡലം:
ശ്രീ. നീലകണ്ഠ
ഗവ. സംസ്കൃത കോളേജ്

വൈകിട്ട് 4.30ന്
ഷൊർണ്ണൂർ മണ്ഡലം:
ചെർപ്പുളശ്ശേരി
ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട്

വൈകിട്ട് 5.30ന്
ഒറ്റപ്പാലം മണ്ഡലം:
ചിനക്കത്തൂർ കാവ് മൈതാനം

**ഡിസംബർ 2**

രാവിലെ 10ന്
പാലക്കാട് മണ്ഡലം:
കോട്ട മൈതാനം

ഉച്ചകഴിഞ്ഞ് 2ന്
മലമ്പുഴ മണ്ഡലം:
മുട്ടിക്കുളങ്ങര സെക്കൻഡ് ബറ്റാലിയൻ പോലീസ് ക്യാമ്പ് മൈതാനം

വൈകിട്ട് 4ന്
കോങ്ങാട് മണ്ഡലം:
കോങ്ങാട് ടൗൺ

വൈകിട്ട് 6ന്
മണ്ണാർക്കാട് മണ്ഡലം:
കിനാതി മൈതാനം

**ഡിസംബർ 3**

രാവിലെ 11ന്
ചിറ്റൂർ മണ്ഡലം: ചിറ്റൂർ
ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ട്

ഉച്ചകഴിഞ്ഞ് 3ന്
നെന്മാറ മണ്ഡലം: നെന്മാറ
ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ട്

വൈകിട്ട് 4ന്
ആലത്തൂർ മണ്ഡലം:
പുതുക്കുളങ്ങര കാവ് പറമ്പ് മൈതാനം, സ്വാതി ജംഗ്ഷൻ

വൈകിട്ട് 6ന്
തരൂർ മണ്ഡലം: വടക്കഞ്ചേരി
പ്രിയദർശിനി ബസ് സ്റ്റാൻഡ്

നാടൊരുമിക്കുന്നു നവകേരളത്തിനായി





Edited, Printed and Published by Prasanth Narayanan on behalf of M/s.Vaartha News Network Pvt.Ltd., V. Reji Kumar (Executive Editor), Vol 16, Issue No. 325 RNI No. KERMAL/2009/31365, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Suncity Complex, IInd Floor, Room No. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com